**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 305

06.01.2014-ലെ മറുപടിക്ക്

**ഭീകര സംഘടനകളുമായി ബന്ധം ഉണ്ടായിരുന്ന തടവുകാർ**

ചോദ്യം

മറുപടി

ശ്രീ.സാജു പോൾ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഭീകര സംഘടനകളുമായി ബന്ധം ഉണ്ടായിരുന്ന എത്ര തടവുകാർ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉണ്ടായിരുന്നു; പ്രസ്തുത തടവുകാർ ഇപ്പോൾ എവിടെയാണ്; | എ) 13 തടവുകാർ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉണ്ടായിരുന്നു. ഇവരിൽ 11 പേർ ഇപ്പോൾ ബാംഗ്ലൂർ സെൻട്രൽ ജയിലിലാണ്. |
| ബി) സെൻട്രൽ ജയിലിൽ തടവിൽ കഴിയുന്ന അവസരത്തിൽ അവർക്ക് സഹായങ്ങൾ നൽകിയിരുന്ന വ്യക്തികളും സംഘടനകളും ആരൊക്കെയായിരുന്നു; | ബി) ജയിലിൽവെച്ച് വ്യക്തികളോ സംഘടനകളോ സഹായങ്ങൾ നൽകിയിട്ടില്ല. |

| | |
|---|---|
| സി) പൂജപ്പുര സെൻട്രൽ ജയിലിലെ ഭീകരബന്ധമുള്ള തടവുകാരെ സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;<br><br>ഡി) ഭീകരരായ തടവുകാർക്ക് സഹായങ്ങൾ എത്തിച്ചവർക്കെതിരെ ഇന്റലിജൻസ് റിപ്പോർട്ടിന്റെയടിസ്ഥാന ത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (സി)യും (ഡി)യും : ഉണ്ട്. തീവ്രവാദ കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളെ ഒരേ ജയിലിൽതന്നെ പാർപ്പിക്കാതെ സംസ്ഥാനത്തെ വിവിധ ജയിലുകളിലായി പാർപ്പിക്കുന്നതിനും, പ്രസ്തുത തടവുകാരേയും, അവരുടെ സന്ദർശകരേയും, സ്ഥിരമായി നിരീക്ഷിക്കുന്നതിനും കോടതിയുടെ അനുമതിയോടെ ആവശ്യമെങ്കിൽ ഐസൊലേഷൻ വാർഡ്/ സെല്ലുകൾ ക്രമീകരിക്കുന്നതിനും തീവ്രവാദ കേസുകളിൽ ശിക്ഷിക്കപ്പെട്ട തടവുകാരെ പാർപ്പിച്ചിരിക്കുന്നിടത്ത് പഴുതടച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനും പോലീസിന്റെയും മറ്റു സെക്യൂരിറ്റി ഏജൻസികളുടെയും രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമാണെങ്കിൽ പഴുതുകളില്ലാത്ത പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനും ജയിൽ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ 25.10.2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 2905/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, സംസ്ഥാന പോലീസ് മേധാവി അംഗവും ജയിൽ മേധാവി കൺവീനറുമായി ജയിലുകളുടെ സുരക്ഷ സമയാസമയങ്ങളിൽ വിലയിരുത്തുന്നതി ലേക്കായി ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ